**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 7898**

**23.07.2012 - ൽ മറുപടിയ്ക്ക്**

**മൗണ്ടഡ് പോലീസ്, ആർമർ പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ**

| ചോദ്യം<br>ശ്രീ. എം. എ. വാഹീദ് | | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|---|
| (എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള മൗണ്ടഡ് പോലീസ്, ആർമർ പോലീസ് വിഭാഗങ്ങളിൽ എത്ര കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) | മൗണ്ടഡ് പോലീസിൽ 8 കോൺസ്റ്റബിൾമാരുടെ ഒഴിവുണ്ട്. എന്നാൽ ആർമർ പോലീസിൽ നിലവിൽ ഒഴിവില്ല. |
| (ബി) 2012 മാർച്ചിൽ ഈ ഓരോ തസ്തികകളിലും എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | മൗണ്ടഡ് പോലീസിൽ 5 കോൺസ്റ്റബിൾമാരുടെ ഒഴിവുണ്ടായിട്ടുണ്ട്. |
| (സി) പ്രസ്തുത തസ്തികകളുടെ യോഗ്യതകൾ എന്തെല്ലാമാണെന്നറിയിക്കുമോ ; | (സി) | ടി തസ്തികകളിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). നിയമനം, യോഗ്യത തുടങ്ങിയവ സംബന്ധിച്ച സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറാക്കി വരുന്നതേയുള്ളു. |
| (ഡി) പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് അറിയിപ്പ് നല്കിയിട്ടുണ്ടോ ;<br><br>(ഇ) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുവാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ ;<br><br>(എഫ്) പരിചയ സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മുൻഗണന നല്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി),<br>(ഇ)<br>&<br>(എഫ്) | ഉത്തരം (സി) യുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ

A

(൭)

കേരള സർക്കാർ

<u>സംഗ്രഹം.</u>

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - പോലീസ് വകുപ്പിലെ പി. എസ്. സി. മുഖേനയല്ലാത്ത നിയമനങ്ങൾ പി. എസ്. സി. ക്ക് വിട്ടുകൊടുത്തുകൊണ്ട് ഉത്തരവാകുന്നു.

---

ആഭ്യന്തര (എ) വകുപ്പ്

സ.ഉ. (എം.എസ്) നം. 681/2011/ആഭ്യ. തിരുവനന്തപുരം, തീയതി: 26/2/2011

---

പരാമർശം:- പോലീസ് ഡയറക്ടർ ജനറലിൻെറ 16/2/2011 ലെ എസ്4/14352/11-ാം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പോലീസ് ഡയറക്ടർ ജനറലിൻെറ മേൽ പ്രസ്താവിച്ച കത്തിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, പോലീസ് വകുപ്പിൽ ഇനിയും നിയമനത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തിട്ടില്ലാത്ത താഴെ പറയുന്ന തസ്തികകൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. ടെക്നിക്കൽ തസ്തികകൾ

1. പി.സി. എം..പി. യൂണിറ്റ്
2. പി.സി. ലേത്ത് ഓപ്പറേറ്റർ
3. പി. സി. ഫരിയർ ( എം പി യൂണിറ്റ്)
4. പി. സി. വെൽഡർ
5. പി. സി. ആർമറർ
6. പി.സി. അപ്ഹോൾസ്റ്റർ
7. പി. സി. ബാൻഡ് & ഓർക്കസ്ട്ര
8. പി. സി. ടെയിലർ
9. പി. സി. മേസൻ
10. പി. സി. ഇലക്ട്രീഷ്യൻ
11. പി. സി. റാട്ടൻ വീവർ
12. പി. സി. സിനിമ ഓപ്പറേറ്റർ
13. പി. സി. മെക്കാനിക് ( എം. റ്റി. യൂണിറ്റ്)
14. എച്ച്. സി. ഷോർട്ട് ഹാൻഡ് റൈറ്റർ - ഷോർട്ട് ഹാൻഡ് ബ്യൂറോ ( സ്പെഷ്യൽ ബ്രാഞ്ച്)

II. സിവിൽ തസ്തികകൾ

1. ബ്ളാക്ക്സ്മിത്ത്
2. കാർപെന്റർ
3. ബോട്ട് സിറാംഗ്
4. ബോട്ട് ഡ്രൈവർ

III. ക്യാമ്പ് ഫോളോവർ

IV. പാർട്ട് ടൈം സ്വീപ്പർ

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ. നളിനകുമാരി
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
പോലീസ് ഡയറക്ടർ ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( എ ആൻറ് ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ